# നർമദയിൽ സത്യഗ്രഹത്തിന് പുതിയ മുഖം

**എബി ജോർജ്**

നർമ്മദാ തടത്തിൽ കഴിഞ്ഞ 14 വർഷമായി നടന്നുവരുന്ന സമരം ഈ മഴക്കാലത്ത് പുതിയ വെല്ലുവിളികളും ചെറുത്തുനിൽപ്പിന്റെ പുതിയ തലങ്ങളും അനാവരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 10, 11 തീയതികളിലായി നർമ്മദാ ബച്ചാവോ ആന്തോളൻ നേതാവ് ശ്രീമതി മേധാ പട്കറുടെ നേതൃത്വത്തിൽ ഗ്രാമീണരും ആദിവാസികളും 16 മണിക്കൂറിലേറെ അരയ്ക്കു മുകളിൽ വെള്ളത്തിൽ "ജലധർണ" നടത്തുകയുണ്ടായി. അവർ ജൂൺ 20 മുതൽ സത്യഗ്രഹം നടത്തിവരുന്ന മഹാരാഷ്ട്രയിലെ ഡോംഖേഡി ഗ്രാമത്തിൽ അണക്കെട്ട് മൂലമുണ്ടായ കൃത്രിമ വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയതിനെ തുടർന്നാണ് സത്യഗ്രഹത്തിന്റെ ഈ പുതിയ മുഖം പരീക്ഷിക്കപ്പെട്ടത്. "വെള്ളത്തിൽ മുങ്ങേണ്ടിവന്നാലും സ്വന്തം ഭൂമിയിൽനിന്നും ഒഴിഞ്ഞുപോകില്ല" എന്ന ആദിവാസികളുടെയും ഗ്രാമീണരുടെയും ദൃഢപ്രതിജ്ഞ പരീക്ഷിക്കപ്പെട്ട അവസരമായിരുന്നു അത്.

ജലനിരപ്പ് വീണ്ടും ഉയർന്നാൽ ജീവൻ നല്കി, ജലസമാധി ചെയ്യാൻ തയാറായ മേധാ പട്കറുടെ നേതൃത്വത്തിലുള്ള സമർപ്പിത് ദൾ ജലധർണയ്ക്കു നേതൃത്വം നല്കി. ഓഗസ്റ്റ് പത്താം തീയതി പകൽ ഏകദേശം പത്ത് മണിയോടെ അസാധാരണ വേഗത്തിൽ ഉയർന്നു തുടങ്ങിയ ജലനിരപ്പ് രാത്രി 11 മണിയോടെ സത്യഗ്രഹികൾ ഇരിക്കുന്ന കുടീരത്തിന്റെ നിലം നനച്ചുതുടങ്ങി. അർധരാത്രിയോടെ സത്യഗ്രഹികൾ, മുട്ടുകാലു വരെ ഉയർന്ന വെള്ളത്തിൽനിന്നു സമരം ചെയ്തു തുടങ്ങി. 11- ാം തീയതി രാത്രി രണ്ടുമണിയോടെ വീണ്ടും ജലനിരപ്പുയരുകയും അരയ്ക്കു മുകളിലെത്തി ചേരുകയും ചെയ്തു.

സമർപ്പിത്ദളിലെ സത്യഗ്രഹികൾ വീണ്ടും ജലനിരപ്പുയർന്നാൽ ജീവത്യാഗത്തിനു തയാറായി നിലകൊള്ളുകയും മറ്റുള്ള ഗ്രാമീണരോടും സത്യഗ്രഹികളോടും ഒന്നര മീറ്ററോളം വെള്ളത്തിനടിയിൽ ആയിക്കഴിഞ്ഞിരുന്ന സത്യഗ്രഹ കുടീരത്തിൽനിന്നും ഉയർന്ന പ്രദേശങ്ങളിലേക്ക് പോകാൻ ആവശ്യപ്പെടുകയും ചെയ്തു.



ജലനിരപ്പുയരുന്നതു മനസിലാക്കി സമീപഗ്രാമങ്ങളിൽനിന്നും എത്തിച്ചേർന്ന നൂറുകണക്കിന് ആദിവാസികൾ അടക്കമുള്ള സത്യഗ്രഹികൾ മേധാപട്കറുടെ ഈ ആവശ്യം സ്നേഹപൂർവം നിരസിച്ച് അവർക്കൊപ്പം ജലധർണയിൽ പങ്കെടുക്കുകയും നദിയുടെ നീതിയിലും നന്മയിലും വിശ്വാസമർപ്പിച്ച് സത്യഗ്രഹം തുടരുകയും ചെയ്തു. 11-ാം തീയതി രാവിലെ 11 മണിയോടെ ജലനിരപ്പ്, ഉയരുകയോ താഴുകയോ ചെയ്യാതെ നിശ്ചലാവസ്ഥയിൽ തുടർന്നു. ഏകദേശം 12 മണിയോടെ മഹാരാഷ്ട്ര പോലീസിന്റെ സായുധ വിഭാഗത്തിൽപെട്ട 250-300-ഓളം പോലീസുകാർ ഡോംഖേഡിയിലെത്തി. ഇതേസമയം തന്നെ മഹാരാഷ്ട്ര സർക്കാരിന്റെ പുനരധിവാസ വകുപ്പ് സെക്രട്ടറി, മേധാ പട്കറെ ഒരു കൂടിക്കാഴ്ചയ്ക്കു മാലേഗാവ് എന്ന താലൂക്ക് കേന്ദ്രത്തിലേക്കു ക്ഷണിക്കുന്നതായി ഒരു സന്ദേശം അയച്ചു. ഇനിയും ജലനിരപ്പുയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലൊരു കൂടിക്കാഴ്ചയും ചർച്ചയും യാതൊരു അർഥമില്ലാത്ത

(ശേഷം അഞ്ചാം പേജിൽ)

